(സി) ഇതിനുശേഷം വിജയവാഡയിലെ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച എതിരഭിപ്രായം ഒന്നും സർക്കാരിനു ലഭിച്ചിട്ടില്ല.

(ഡി) വിളപ്പിൽശാലയിലെ ഫാക്ടറി BOT വ്യവസ്ഥയിൽ ഒരു സ്വകാര്യകമ്പനിയാണ് നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നത്.

(ഇ) ഇതിനുവേണ്ടി നഗരസഭ 50,000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. യഥാർത്ഥ ചെലവ് തിട്ടപ്പെടുത്തിയിട്ടില്ല.

പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

11 (*261)ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഗ്രാമ പഞ്ചായത്തുകൾക്ക് രൂപം നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി രൂപീകരിച്ച ഗ്രാമപഞ്ചായത്തുകൾ എന്ന് മുതൽ നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഇതിന് മുൻപ് എപ്പോഴാണ് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗ്രാമപഞ്ചായത്തുകളുണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്. 29.12.99-ലെ സ.ഉ.(സ) നമ്പർ.266/99/തഭവ.പ്രകാരം സംസ്ഥാനത്തു 20 പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

(ബി) അൻപതിനായിരത്തോളം ജനസംഖ്യയുള്ളതും ഭൂമിശാസ്ത്രപരമായ വിസ്തൃതി കാരണം പഞ്ചായത്ത് ഭരണത്തിൽ വിഷമത അനുഭവപ്പെടുന്നതുമായ ഗ്രാമപഞ്ചായത്തുകളെയാണ് വിഭജിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

(സി) 1.10.2000 മുതലാണ് പുതിയതായി രൂപീകരിച്ച ഗ്രാമപഞ്ചായത്തുകൾ നിലവിൽ വരുന്നത്.

(ഡി) കേരള പഞ്ചായത്ത്രാജ് ആക്ട് നിലവിൽ വന്നശേഷം പുതിയ ഗ്രാമഞ്ചായത്തുകൾ രൂപീകരിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്ത് ഇപ്പോൾ 200 ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly